# പന്ത്രണ്ടാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

2006 ജൂൺ 19-ാം തീയതി തിങ്കളാഴ്ച
വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ-23)

1. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ
2. അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ പദ്ധതി
3. ഐ. ടി. രംഗത്ത് തൊഴിൽദാന പദ്ധതി
4. കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതികൾ
5. സ്മാർട്ട് സിറ്റി കരാർ
6. ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി
7. ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തൊഴിൽ വിസ ലഭിച്ചവർ നേരിടുന്ന ബുദ്ധിമുട്ടുകൾ
8. കായികരംഗത്തെ പദ്ധതികൾ
9. റേഷൻ കാർഡുടമകൾക്ക് ഓണക്കിറ്റുകൾ
10. വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കാൻ നടപടി
11. പൊതുനിരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് എതിരെ നടപടി
12. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ്
13. വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യ തുറമുഖം ആരംഭിക്കുന്നതിന് നടപടി
14. വിവരാവകാശ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ
15. അനധികൃത കെട്ടിട നിർമാണം
16. റേഷൻകടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി
17. വൈദ്യുതി ചാർജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി
18. സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനു നടപടി
19. ബി.പി.എൽ. കുടുംബങ്ങളെ പുതുക്കി നിശ്ചയിക്കുവാൻ നടപടി
20. പബ്ലിക്ക് സർവീസ്കമ്മീഷന്റെ പരീക്ഷ നിഷ്പക്ഷമാക്കാൻ നടപടി
21. ഐ.ടി. മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ
22. റേഷൻ കാർഡുടമകൾക്ക് ഓണക്കിറ്റ് നൽകുന്നതിനുള്ള നടപടി
23. ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി

# പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

1

ശ്രീ. കെ. രാജു
ശ്രീ. എൻ. രാജൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. എൻ. അനിരുദ്ധൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് വെട്ടിക്കുറയ്ക്കുന്നതിനും വില വർദ്ധിപ്പിക്കുന്നതിനുമുള്ള കേന്ദ്ര ഗവൺമെന്റ് നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ നീക്കങ്ങൾ സംസ്ഥാനത്തെ ബാധിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്നു വെളിപ്പെടുത്തുമോ ?

## ഉത്തരം

## ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )

(എ)

റേഷൻ മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ അലോട്ട്മെന്റ് മുമ്പുണ്ടായിരുന്ന അളവിൽ പുനഃസ്ഥാപിച്ചു കിട്ടുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഗോതമ്പ് ആവശ്യാനുസരണം ആട്ടയാക്കി വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ ആലോചിച്ചുവരുന്നു. റേഷൻ സാധനങ്ങളുടെ വിതരണം കാര്യക്ഷമമാക്കി കൂടുതൽ പേരെ റേഷൻ കടകളിലേക്ക് എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾക്ക് ലഭിക്കേണ്ട കടത്ത്-കൈകാര്യ കൂലികളും, ചെലവുകളും അപ്പപ്പോൾ വിതരണം ചെയ്യുകയും അവരുടെ ചുമതല വേണ്ടവിധം നിർവഹിക്കുന്നതിനും റേഷൻ കടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യവും പരിഗണനയിലാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ 23.5.2006-ലെ 1/1-2006-ബി.പി.3(14) നം. കത്തു പ്രകാരം പൊതുവിതരണത്തിനുള്ള ഗോതമ്പിന്റെ അലോട്ട്മെന്റ് കുറച്ചിട്ടുണ്ട്. എ.പി.എൽ. ഗോതമ്പിന്റെ അളവ് പ്രതിമാസം 37325 മെട്രിക് ടണ്ണിൽ നിന്നും 11777 മെട്രിക് ടണ്ണായും ബി.പി.എൽ. ഗോതമ്പിന്റെ അളവ് 8865 മെട്രിക് ടണ്ണിൽ നിന്നും 7336 മെട്രിക് ടണ്ണായും വെട്ടിക്കുറച്ചിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നീക്കങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)

ഗോതമ്പിന്റെ അലോട്ട്മെന്റിൽ വരുത്തിയ കുറവ് പിൻവലിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ വകുപ്പു മന്ത്രിക്കയച്ച കത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ എം.പി.മാരും ചേർന്ന് കേന്ദ്രത്തിന് നിവേദനം നടത്തുന്ന കാര്യവും സജീവമായി പരിഗണിച്ചുവരുന്നു.

## അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ പദ്ധതി

2 ശ്രീ. തോമസ് ചാഴികാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
,, റോഷി അഗസ്റ്റിൻ :
,, കെ. എം. മാണി :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ പദ്ധതി പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സുരക്ഷാ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; സംസ്ഥാന സർക്കാർ എത്ര തുക ഇതിനായി നീക്കി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) തുറമുഖ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) നിർദ്ദിഷ്ട പദ്ധതിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം
### ശ്രീ.എം.വിജയകുമാർ (നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ) വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. താമസിയാതെ അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിയുടെ അടങ്കൽ തുക മൂന്നു ഘട്ടങ്ങളിലായി 4360 കോടി രൂപയാണ്. ഒന്നാം ഘട്ടം 1850 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. രണ്ടും മൂന്നും ഘട്ടങ്ങൾക്ക് യഥാക്രമം 990 കോടിരൂപയും 1520 കോടി രൂപയുമാണ് ചെലവു പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി 10 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

(ഇ) നിർദ്ദിഷ്ട തുറമുഖ പദ്ധതിക്ക് രൂപരേഖ പ്രകാരം പ്രധാന അടിസ്ഥാന സൗകര്യങ്ങൾ താഴെ പറയുന്നവയാണ് :

1) രണ്ട് പുലിമുട്ടുകൾ (പ്രധാന പുലിമുട്ടും ഉപ പുലിമുട്ടും) - നീളം ഏകദേശം 5 കി.മീ.
2) തുറമുഖ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കടൽ നികത്തി എടുക്കുന്ന ഏകദേശം 400 ഏക്കർ സ്ഥലം.
3) കണ്ടെയ്നർ കപ്പലുകൾക്കുള്ള 10 ബർത്തുകൾ, മറ്റ് കാർഗോ മുതലായവ കൈകാര്യം ചെയ്യുന്നതിന് രണ്ട് ബർത്തുകൾ.

ഇവ കൂടാതെ തുറമുഖത്തിനാവശ്യമായ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽവേ ലൈൻ, വൈദ്യുതി, ശുദ്ധജല വിതരണം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്.

## ഐ. ടി. രംഗത്ത് തൊഴിൽദാനപദ്ധതി

3

ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. സി. ജോസഫ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഐ. ടി. രംഗത്ത് ഓരോ വർഷവും അയ്യായിരം പേർക്ക് പുതുതായി തൊഴിൽ നൽകാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഈ ലക്ഷ്യം നേടുവാൻ എന്തെല്ലാം നടപടികളാണെടുക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ വർഷം ഈ ലക്ഷ്യം നേടുന്നതിന് ഇതുവരെ എന്തു നടപടിയെടുത്തു എന്നറിയിക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. കൂടാതെ നിലവിലുള്ള ഐ.ടി പാർക്കുകളുടെ അടുത്ത ഘട്ട വികസന പ്രവർത്തനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ടെക്നോ പാർക്ക്, ഇൻഫോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

# കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതികൾ

4

പ്രൊഫ. എൻ. ജയരാജ് :
ശ്രീ. സി.എഫ്. തോമസ് :

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്സും യുവജനക്ഷേമവും**
**തുറമുഖവും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല മികച്ച കായികതാരങ്ങൾക്കും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

(സി) കായികതാരങ്ങൾക്ക് അർഹമായ പ്രോത്സാഹനം നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

**ഉത്തരം**

**ശ്രീ.എം.വിജയകുമാർ (നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് താഴെ പറയുന്ന പദ്ധതികളിലൂടെ കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്.

1) കായികതാരങ്ങളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിനി ഗെയിംസ്, റൂറൽ സ്പോർട്ട്സ് മീറ്റ്, വിമെൻ സ്പോർട്ട്സ് മീറ്റ്, കോളേജ് ഗെയിംസ്, മാരത്തോൺ മത്സരം എന്നിവ സ്പോർട്ട്സ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകിവരുന്നു.
2) സമ്മർ കോച്ചിംഗ് ക്യാമ്പുകളിലൂടെ കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് സ്പോർട്ട്സ് അതോറിറ്റിയിലെ വിദഗ്ധരായ പരിശീലകർ പരിശീലനം നൽകിവരുന്നു.

3) അതോറിറ്റിയുടെ കീഴിൽ സ്കൂൾ /കോളേജ് സ്പോർട്ട്സ് ഹോസ്റ്റലുകൾ, സ്പോർട്ട്സ് അക്കാദമികൾ, സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. സ്പോർട്സിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് കൂടുതൽ വിദഗ്ധ പരിശീലനം നൽകുന്നതിനും ഇത്തരം ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്.
4) കേരളാ സ്റ്റേറ്റ് സ്പോർട്ട്സ് അതോറിറ്റിയുടെ കീഴിൽ 19 സ്കൂൾ സ്പോർട്ട്സ് ഹോസ്റ്റലുകളും 30 കോളേജ് സ്പോർട്ട്സ് ഹോസ്റ്റലുകളും, 9 സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലുകളും മികച്ച കായികതാരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു.
5) എസ്. എസ്.എൽ.സി., പ്ലസ് ടൂ തുടങ്ങിയ കോഴ്സുകൽക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നു.
6) കോളേജ്, സർവ്വകലാശാല തലത്തിലുള്ള വിജയികൾക്ക് സർവ്വകലാശാലകൾ ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.
7) പ്രൊഫഷനൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾക്കും ഐ.ടി.ഐ. ,

പോളിടെക്നിക് , ടി.ടി.സി. , ജെ.ഡി.സി. , എൽ .എൽ.ബി. , എം. എ., എം.എസ്.സി, എം.കോം. തുടങ്ങിയ കോഴ്സുകൾക്കും കായികതാരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

8) ഗ്രാമ പ്രദേശങ്ങളിലെ കായിക തല്പരരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും അവർക്ക് സ്പോർട്സിൽ അഭിരുചി വളർത്തുന്നതിനുമായി അതാത് പ്രദേശങ്ങളിലെ പ്രചാരമുള്ള കളികൾക്ക് പ്രാധാന്യം നൽകി റൂറൽ കോച്ചിംഗ് സെന്ററുകൾ അതോറിറ്റിയുടെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു.

9) മേഖലാ മത്സരങ്ങളിലും ദേശീയ മത്സരങ്ങളിലും പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ബന്ധപ്പെട്ട അസോസിയേഷനുകൾ മുഖേന യാത്രാബത്ത, ദിന ബത്ത, യൂണിഫോം, ട്രാക്ക്സ്യൂട്ട് എന്നിവ നൽകിവരുന്നു. അന്തർ ദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന കായികതാരങ്ങൾക്ക് ജോലിയില്ലാത്തവരാണെങ്കിൽ ആകെ ചെലവിന്റെ 50% വും, ജോലിയുള്ളവർക്ക് കിറ്റ് അലവൻസും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് നൽകി വരുന്നുണ്ട്.

10) എല്ലാ വർഷവും മികച്ച 20 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വ്യവസ്ഥാപിതമായ മാനദണ്ഡ പ്രകാരം ജോലി നൽകാൻ വ്യവസ്ഥയുണ്ട്. കൂടാതെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും കായിക താരങ്ങൾക്ക് ജോലിക്ക് ഏറെ സാധ്യതകളുണ്ട്.

11) കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവ്, അത്യാവശ്യ സന്ദർഭങ്ങളിൽ ചികിത്സയ്ക്കു വേണ്ടതായ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്. കൂടാതെ കായിക നേട്ടങ്ങൾ കൈവരിക്കുന്ന താരങ്ങൾക്ക് പ്രത്യേക ഉത്തരവുകൾ പ്രകാരം ധനസഹായവും നൽകി വരുന്നുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

## സ്മാർട്ട് സിറ്റി കരാർ

5 ശ്രീമതി കെ. എസ്. സലീഖ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
,, ടി. പി. കുഞ്ഞുണ്ണി:
,, സാജുപോൾ:
,, കെ. സി. രാജഗോപാലൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ് സർക്കാർ ഉണ്ടാക്കിയ സ്മാർട്ട് സിറ്റി കരാറിലെ വ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ബി) കരാർ അതേപടി നടപ്പിലാക്കിയാൽ സംസ്ഥാനത്തിന് ഉണ്ടാകാവുന്ന നഷ്ടം വ്യക്തമാക്കുമോ;

(സി) കരാർ സംബന്ധിച്ച് ദുബായ് കമ്പനി ഈ സർക്കാരുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) മുൻ സർക്കാർ അംഗീകരിച്ച കരട് കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.
(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(ബി) കരാറിലെ വ്യവസ്ഥ പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയ്ക്ക് 100 ഏക്കർ ഭൂമി ഏക്കറിന് ഒരു രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിനു നൽകണം. കൂടാതെ 136 ഏക്കർ ഭൂമി 36 കോടി രൂപയ്ക്ക് അക്വയർ ചെയ്തു കൈമാറും. ഈ ഭൂമി അക്വയർ ചെയ്യാൻ വേണ്ടി ചെലവായേക്കാവുന്ന അധിക തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും.

(സി) ഇല്ല.

(ഡി) ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി മുൻസർക്കാർ ഒപ്പു വച്ച ധാരണാ പത്രത്തിലെ വ്യവസ്ഥകൾ ഓരോന്നും പരിശോധിച്ച്, ആവശ്യമെങ്കിൽ അവരുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ സാധിക്കുകയുള്ളു.

## ഹൈക്കോടതി ബഞ്ച്
## സ്ഥാപിക്കുന്നതിന് നടപടി

| | | |
|---|---|---|
| 6 | ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>,, വി. ശിവൻകുട്ടി<br>,, ആർ. സെൽവരാജ്<br>,, കെ. കുഞ്ഞിരാമൻ<br>,, പി. പി. അബ്ദുള്ളക്കുട്ടി | താഴെ കാണുന്ന ചോദ്യങ്ങൾക്ക്<br>**നിയമവും പാർലമെന്ററികാര്യവും**<br>**സ്പോർട്ട്സും യുവജനക്ഷേമവും**<br>**തുറമുഖവും വകുപ്പുമന്ത്രി**<br>സദയം മറുപടി നൽകുമോ: |

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച് ഉന്നയിച്ചിട്ടുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ.എം.വിജയകുമാർ (നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) ചീഫ് ജസ്റ്റിസിൽ നിന്നോ കേന്ദ്ര ഗവണ്മെന്റിൽ നിന്നോ ഇക്കാര്യം സംബന്ധിച്ച് യാതൊരു അനുകൂല പ്രതികരണവും ലഭ്യമായിട്ടില്ല.

(ബി) ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് ശുപാർശ സമർപ്പിക്കുകയാണ് നടപടിക്രമം. പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കാത്തതാണ് ഇപ്പോഴത്തെ പ്രധാന തടസ്സം.

(സി) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുകയെന്നതു സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

## ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തൊഴിൽ വിസ ലഭിച്ചവർ നേരിടുന്ന ബുദ്ധിമുട്ടുകൾ

7 ശ്രീമതി കെ. കെ. ലതിക
ശ്രീ. ആനത്തലവട്ടം ആനന്ദൻ
,, വി.എൻ. വാസവൻ
,, കെ. വി. കുഞ്ഞിരാമൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എമിഗ്രേഷൻ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിലേക്ക് തൊഴിൽ വിസ ലഭിച്ചവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) അവിദഗ്ദ്ധ തൊഴിൽ വിസ ലഭിച്ചവർ എമിഗ്രേഷൻ നടപടികൾക്കായി അതത് രാജ്യത്തെ ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എഗ്രിമെന്റ് ഹാജരാക്കണമെന്ന പുതിയ വ്യവസ്ഥയിൽ ഇളവ് വരുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) & (ബി) നിലവിലുള്ള 1983-ലെ എമിഗ്രേഷൻ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതായി അറിവില്ല. മറുനാടുകളിലേക്ക് തൊഴിൽ തേടി പോകുന്നവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി എമിഗ്രേഷൻ നിയമത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ് എന്നാണ് അറിയുന്നത്.

(സി) എമിഗ്രേഷൻ നടപടിക്കായി ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എഗ്രിമെന്റ് ഹാജരാക്കണമെന്നുള്ളത് പുതിയ വ്യവസ്ഥയല്ല. ഇത് നേരത്തെ നിലവിലുള്ളതാണ്. ഇതിൽ ഇളവു വരുത്തുന്നത് തൊഴിൽ അന്വേഷകരുടെ താല്പര്യങ്ങൾക്ക് ചേർന്നതായിരിക്കില്ല.

## കായികരംഗത്തെ പദ്ധതികൾ

8 ശ്രീ. വി.എസ്.സുനിൽകുമാർ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്സും യുവജനക്ഷേമവും**
**തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികതാരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ പ്രാവർത്തികമാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 'ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന ആശയം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എത്ര പഞ്ചായത്തുകളിൽ ഇപ്പോൾ സ്റ്റേഡിയം നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കായിക താരങ്ങൾക്ക് നൽകുന്ന പരിശീലനത്തിന്റേയും മറ്റു സൗകര്യങ്ങളുടേയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അത്യാധുനിക രീതിയിലുള്ള പരിശീലനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനുദ്ദേശിക്കുന്നുവെന്നു് വിശദമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ.എം.വിജയകുമാർ (നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) കായികതാരങ്ങളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിനി ഗെയിംസ്, റൂറൽ സ്പോർട്ട്സ് മീറ്റ്, വിമെൻ സ്പോർട്ട്സ് മീറ്റ്, കോളേജ് ഗെയിംസ്, മാരത്തോൺ മത്സരം എന്നിവ സ്പോർട്ട്സ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. സ്പോർട്സിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും കൂടുതൽ വിദഗ്ധ പരിശീലനം നൽകുന്നതിനുമായി കേരളാ സ്റ്റേറ്റ് സ്പോർട്ട്സ് അതോറിറ്റിയുടെ കീഴിൽ 19 സ്കൂൾ സ്പോർട്ട്സ് ഹോസ്റ്റലുകളും 30 കോളേജ് ഹോസ്റ്റലുകളും, 9 സെൻട്രലൈസ്ഡ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗ്രാമ പ്രദേശങ്ങളിലെ കായിക തല്പരരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും അവർക്ക് സ്പോർട്സിൽ അഭിരുചി വളർത്തുന്നതിനുമായി അതാത് പ്രദേശങ്ങളിലെ പ്രചാരമുള്ള കളികൾക്ക് പ്രാധാന്യം നൽകി റൂറൽ കോച്ചിംഗ് സെന്ററുകൾ അതോറിറ്റിയുടെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു.

(ബി) ആലോചിച്ചുവരുന്നു.

(സി) ഇക്കാര്യം പഞ്ചായത്തുവകുപ്പുമായി ബന്ധപ്പെട്ട് ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) പല നൂതന പദ്ധതികളും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## <u>റേഷൻ കാർഡുടമകൾക്ക് ഓണക്കിറ്റുകൾ</u>

9 ശ്രീ. തോമസ് ചാണ്ടി
,, കെ.കെ. ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും, എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ഓണക്കിറ്റ് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ വിതരണം എപ്രകാരം ഏത് മാസത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) കിറ്റിൽ എന്തെല്ലാം ഇനങ്ങൾ ഉണ്ടാകും എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന് എന്ത് തുക വേണ്ടിവരും എന്ന് വ്യക്തമാക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്തെ അന്ത്യോദയ, അന്നയോജന ഉൾപ്പെടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ റേഷൻ കാർഡ് ഉടമകൾക്കും, ഓണക്കിറ്റ് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഓണക്കിറ്റുകൾ 2006 ആഗസ്റ്റ് മാസം 20 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലുമുള്ള സപ്ളൈകോയുടെ ഒന്നോ രണ്ടോ ഔട്ട് ലെറ്റുകൾ വഴി വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ഓണക്കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങളുടെ ഇനം തിരിച്ച് തീരുമാനിച്ചിട്ടില്ല.

(ഡി) തുക കണക്കാക്കിയിട്ടില്ല്.

## വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കാൻ നടപടി

10 ശ്രീ. എ.പി.അനിൽകുമാർ
,, ജി. കാർത്തികേയൻ
,, കെ. സുധാകരൻ
പ്രൊഫ. കെ.വി.തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധിതമാക്കണമെന്ന് സുപ്രിം കോടതി അഭിപ്രായപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) വിവാഹ മണ്ഡപങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ എന്നീ പൊതുസ്ഥലങ്ങളിൽ വച്ച് നടക്കുന്ന വിവാഹങ്ങൾ അതത് സ്ഥലത്ത് വച്ച്തന്നെ ഫോറങ്ങൾ പൂരിപ്പിച്ച് ബന്ധപ്പെട്ടവരുടെ ഒപ്പ് വാങ്ങി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നൽകി വിവാഹം രജിസ്റ്റർ ചെയ്യുന്ന രീതി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. ഇതിലേക്കായി ഒരു നിയമം നിർമ്മിക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിയമ നിർമ്മാണം നടത്തുന്ന അവസരത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## **പൊതുനിരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് എതിരെ നടപടി**

11 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഒരു പുതിയ നിയമം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നഗര പ്രദേശങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തി ഒരു സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) നഗര പ്രദേശങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനം ഇപ്പോൾത്തന്നെ പല നഗര സഭകളിലും പരീക്ഷണാർത്ഥം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമാണെന്നു കണ്ടാൽ മറ്റു നഗര സഭകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ്

12 ശ്രീ. ബാബുപോൾ
,, രാജാജി മാത്യൂ തോമസ്
,, എ. കെ. ചന്ദ്രൻ
,, പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും അമിതമായ വിലവർദ്ധനവ് സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിലവർദ്ധനവ് മുതലെടുത്ത് സാധനങ്ങളുടെ കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്ന തിനും വില വർദ്ധിപ്പി ക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ സംസ്ഥാനത്തിന് ആവശ്യമുള്ള ഏകദേശം 70% ഭക്ഷ്യ ധാന്യങ്ങളും മറ്റുള്ള നിത്യോപയോഗ സാധനങ്ങൾ ഏറെക്കുറെ മുഴുവനും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഈ സാഹചര്യത്തിൽ പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് മൂലം സാധനങ്ങളുടെ കടത്തു കൂലിയും അതുവഴി സാധനങ്ങളുടെ വിലയും വർദ്ധിക്കുകയും ജനങ്ങളുടെ ജീവിതച്ചെലവ് വർദ്ധിക്കുകയും ചെയ്യും.

(ബി) & (സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ എന്നിവ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനം മൂലം പൊതുവിപണിയിലെ വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കടകളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോയെന്നും, ഏതെങ്കിലും അവശ്യ സാധനങ്ങൾക്ക് ദൗർലഭ്യം കൃത്രിമമായി സൃഷ്ടിക്കുന്നുണ്ടോയെന്നും വിലയിരുത്തുന്നതിനായി സിവിൽ സപ്ളൈസ് വകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിൽ റെയ്ഡുകളും, മിന്നൽ പരിശോധനകളും നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിപണിയിൽ ഇടപെട്ട് വിലനിലവാരം നിയന്ത്രിക്കുന്നതിനും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യ തുറമുഖം ആരംഭിക്കുന്നതിന് നടപടി

13 ശ്രീ.എ.എം. ആരിഫ്
ശ്രീ.വി. ശിവൻകുട്ടി
ശ്രീ.വി.ജെ. തങ്കപ്പൻ
ശ്രീമതി.ജെ. അരുന്ധതി
ശ്രീ.ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്ട്സും യുവജനക്ഷേമവും**
**തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യ തുറമുഖം ആരംഭിക്കുന്നതു സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) മുൻസർക്കാർ തുറമുഖത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിശോധിക്കുമോ ;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ;

(ഡി) പദ്ധതിയുടെ പ്രവർത്തനം വൈകാതെ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര വാണിജ്യ തുറമുഖം സ്ഥാപിക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ വികസന അജണ്ടയിലെ മുഖ്യ ഇനമാണ്.

(ബി) തുറമുഖ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതി കേന്ദ്രഗവൺമെൻറിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ്.

(സി) തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കേരള സർക്കാർ ആഗോളടെണ്ടർ ക്ഷണിക്കുകയും രണ്ട് ചൈനീസ് കമ്പനികളും ഒരു ഇന്ത്യൻ കമ്പനിയും അടങ്ങിയ കൺസോർഷ്യത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം പ്രതീക്ഷിക്കുകയാണ്.

(ഡി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും.

## വിവരാവകാശ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

14 ശ്രീ. കെ. സി. രാജഗോപാലൻ
,, രാജു എബ്രഹാം
,, സാജു പോൾ
,, മഞ്ഞളാംകുഴി അലി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി എല്ലാ ഓഫീസുകളിലും പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ;

(സി) നിയമപ്രകാരം അർഹമായ തീയതിക്കകം ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ?

**ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) & (ബി) 2005-ലെ വിവരാവകാശ നിയമം സംബന്ധിച്ച കേന്ദ്ര ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 10..10..2005-ലെ ജി.ഒ(പി). 367/2005/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം, തിരുവനന്തപുരം ആസ്ഥാനമാക്കി സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചു.മുൻ ചീഫ് സെക്രട്ടറി ശ്രീ. പാലാട്ട് മോഹൻദാസിനെ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായും, സർവ്വശ്രീ വി.വി.ഗിരി, പി. ഫസിലുദ്ദീൻ, പി.എൻ. വിജയകുമാർ എന്നിവരെ ഇൻഫർമേഷൻ കമ്മീഷണർമാരായും നിയമിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ളതും, നിയന്ത്രണത്തിലുള്ളതും, നേരിട്ടോ അല്ലാതെയോ സർക്കാർ ധനസഹായം നൽകുന്നതുമായ എല്ലാ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരും. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം, പൊതുജനങ്ങളുടെ അപേക്ഷ സ്വീകരിക്കുന്നതിന്, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും, വിവരങ്ങൾ നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അവർ എടുക്കുന്ന തീരുമാനത്തിനെതിരെയുള്ള അപ്പീൽ പരിഗണിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റിയേയും സ്ഥാന നിർണ്ണയം ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. മിക്ക സ്ഥാപനങ്ങളിലും/ഓഫീസുകളിലും അതനുസരിച്ച് പ്രത്യേക ഉദ്യോഗസ്ഥരെ ഇപ്രകാരം സ്ഥാനനിർണ്ണയം ചെയ്തിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഇപ്രകാരം സ്ഥാനനിർണ്ണയം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് നിശ്ചിത ഫീസ് ഈടാക്കാമെന്ന് കേന്ദ്ര നിയമത്തിൽതന്നെ വ്യവസ്ഥയുണ്ട്. അതനുസരിച്ച് ഫീസ് നിരക്കുകളും അവ ഈടാക്കേണ്ടുന്ന രീതിയും വ്യവസ്ഥ ചെയ്തുകൊണ്ട് പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകളും, സർക്കുലറുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ നിരസിക്കുന്ന സാഹചര്യത്തിൽ അതിനെതിരെ കമ്മീഷന് അപ്പീൽ സമർപ്പിക്കാനുള്ള ചട്ടങ്ങളും ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ഐ.എം.ജി.യുടെ ആഭിമുഖ്യത്തിൽ, ഈ നിയമത്തെ സംബന്ധിച്ച സമഗ്രമായ പരിശീലനവും നൽകിവരുന്നുണ്ട്. നിയമത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത്-താലൂക്ക്-ജില്ലാ തലങ്ങളിൽ സെമിനാറുകൾ നടത്തി വരുന്നുണ്ട്. നിയമത്തെക്കുറിച്ച് മലയാളത്തിലുള്ള ലഘുലേഖ വ്യാപകമായി വിതരണം ചെയ്യുന്നുണ്ട്. പി.ആർ.ഡി.യുടെ പ്രസിദ്ധീകരണങ്ങളിലൂടെയും, സർക്കാർ വെബ്സൈറ്റ് ഉൾപ്പെടെയുള്ള മാദ്ധ്യമങ്ങളിലൂടെയും, വിവരാവകാശ നിയമത്തെ സംബന്ധിച്ച് ആവശ്യമായ പ്രചരണവും നൽകുന്നുണ്ട്.

(സി) വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് നൽകാൻ കഴിയുന്ന രേഖകൾ അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം നൽകണമെന്ന് നിലവിലുള്ള ചട്ടത്തിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ ഈ സമയപരിധി 48 മണിക്കൂറായി നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ ഇതു സംബന്ധിച്ച് പ്രത്യേക നിർദ്ദേശമൊന്നും നൽകേണ്ട ആവശ്യമില്ല.

## അനധികൃത കെട്ടിട നിർമാണം

15 ശ്രീ. എം. ചന്ദ്രൻ
ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ. എം. കെ. പുരുഷോത്തമൻ
ശ്രീ. വി. ശശികുമാർ
ശ്രീ. സി.എം. ദിനേശ് മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അനധികൃത കെട്ടിട നിർമാണം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു ഫലപ്രദമായി തടയുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ ;

(സി) അനധികൃത കെട്ടിട നിർമാണത്തിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും ഫലപ്രദവും ശക്തവുമായ നടപടി ക്രമങ്ങൾ ഇപ്പോൾതന്നെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലുണ്ട്. അവ ഫലപ്രദമായി നടപ്പാക്കുന്നതിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പു മേധാവികൾക്കും നൽകി കഴിഞ്ഞു. കൂടാതെ ചീഫ് ഠൗൺ പ്ലാനർ വഴിയും വിജിലൻസ് ഓഫീസർവഴിയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## റേഷൻകടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

16 ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീമതി. കെ.കെ. ലതിക
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. എം. എം. മോനായി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബ) റേഷൻ കടകളിലൂടെ ഇപ്പോൾ ലഭിക്കുന്ന സാധനങ്ങൾക്കുപുറമേ മറ്റു നിത്യോപയോഗ സാധനങ്ങൾ കൂടി ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) ഓണക്കാലത്ത് റേഷൻകടകൾ മുഖേന ഓണക്കിറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. സി. ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)**

(എ) റേഷൻകടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉയർത്തിയും വിതരണം കാര്യക്ഷമമാക്കിയും കൂടുതൽപേരെ റേഷൻ കടകളിലേക്ക് എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. റേഷൻ വ്യാപാരികൾക്ക് ലഭിക്കേണ്ടതായ കൈകാര്യ ചെലവ്, കടത്തുകൂലി, മറ്റ് ചെലവുകൾ എന്നിവ അപ്പപ്പോൾ വിതരണം ചെയ്ത് റേഷൻ വ്യാപാരികളുടെ പൂർണ്ണമായ സഹകരണവും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതാണ്. റേഷൻവ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യവും പരിശോധിക്കുന്നതാണ്. മുൻപ് നിലവിലുണ്ടായിരുന്ന ഭക്ഷ്യോപദേശക സമിതികൾ ജില്ലാ, നഗരസഭ, പഞ്ചായത്ത്, താലൂക്ക് തലങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബ) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ റേഷൻ സാധനങ്ങൾക്ക് പുറമെ റേഷൻ കടകൾവഴി മറ്റ് നിത്യോപയോഗ സാധനങ്ങൾകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓണക്കാലത്ത് ബി.പി.എൽ കാർഡുടമകൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇവ സപ്ലൈക്കോയുടെ ഔട്ട്ലെറ്റുകൾ വഴിയും ശബരി സ്റ്റോറുകളായി തിരഞ്ഞെടുത്ത റേഷൻകടകൾ വഴിയുമാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

## വൈദ്യുതി ചാർജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി

17 ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ. കെ. പി. മോഹനൻ
ശ്രീ. പി. എം. എ. സലാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പൊതു ടാപ്പുകൾ വഴി വിതരണം നടത്തിവരുന്ന കുടിവെള്ള വിതരണ പദ്ധതി വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതു് കൊണ്ട് മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കുടിവെള്ള വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകളുടെ അധീനതയിലുള്ള പല കുടിവെള്ള പദ്ധതികളുടെയും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഗുണഭോക്താക്കൾക്ക് അടയ്ക്കുവാൻ കഴിയുന്നില്ലെന്ന് പരാതിപ്പെട്ടതിനെ തുടർന്ന് 23..3..2006 ൽ പുറപ്പെടുവിച്ച 12968/.കെ2/06/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്ജ് നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും പഞ്ചായത്തുകൾക്ക് അവയുടെ മെയിന്റനൻസ് ഗ്രാന്റോ ജനറൽ പർപ്പസ് ഗ്രന്റോ അല്ലെങ്കിൽ തനത് ഫണ്ടോ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തിട്ടുള്ള ജലനിധി, സ്വജൽധാര, കേരള വികസനപദ്ധതി എന്നിവയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവുകൾ ഗുണഭോക്താക്കൾതന്നെ വഹിക്കണമെന്ന് പ്രസ്തുത സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

## സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനു നടപടി

18 ശ്രീ. എം. കെ. പുരുഷോത്തമൻ
,, എം. ജെ. ജേക്കബ്
,, ടി. പി. കുഞ്ഞുണ്ണി
,, സി. കെ. സദാശിവൻ
,, എ. എം. യൂസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനും സർവ്വീസ് രംഗം കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഫയലുകളിൽ കാലവിളംബമില്ലാതെ തീരുമാനമെടുക്കുന്നതിനായി പ്രത്യേക നിർദ്ദേശം നൽകുമോ;

(സി) അനാവശ്യമായി ഫയലുകൾ വച്ചു താമസിപ്പിച്ച് അഴിമതിക്ക് സാഹചര്യമൊരുക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. വി.എസ്. അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനും സർവ്വീസ് രംഗം കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ മുന്തിയ പരിഗണന നൽകുന്നതാണ്. മൂന്നാം ഭരണ പരിഷ്ക്കരണ കമ്മിറ്റി ഇതു സംബന്ധമായി നിരവധി ശുപാർശകൾ അടങ്ങിയ പതിനഞ്ചു റിപ്പോർട്ടുകൾ 2001–ൽ സമർപ്പിച്ചിരുന്നു. മുൻ സർക്കാരുകൾ ഇതിൽ പത്ത് റിപ്പോർട്ടുകളിലെ ശുപാർശകൾ പറിശോധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു. അവശേഷിക്കുന്ന അഞ്ച് റിപ്പോർട്ടുകൾ പരിശോധിച്ച് സ്വീകാര്യമായ ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുപ്പെടുവിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഭരണ രംഗം സുതാര്യമാക്കുന്നതിനും നടപടിക്രമങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും ലഘൂകരിക്കുന്നതിനും നടപടി ത്വരിതപ്പെടുത്തുന്നതാണ്. ആവശ്യമുള്ള ഓഫീസുകളിൽ പൊതുജന പരാതി പരിഹാരസെല്ലുകൾ സ്ഥാപിക്കുന്നതിനും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്രട്ടേറിയറ്റിലും ഇതര വകുപ്പുകളിലും ഓഫീസ് പരിശോധന കർശനമായി നടത്തുന്നതിനും വീഴ്ചകൾ കണ്ടെത്തി പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ XIV-ാം ചാപ്റ്ററിൽ ഫയലുകളിലെ കാലവിളംബമില്ലാതെ തീരുമാനമെടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഇവ കർശനമായി പാലിക്കുന്നതിന് വകുപ്പുതലത്തിൽ കർശന നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര നിർദ്ദേശങ്ങൾ വീണ്ടും നൽകുന്നതാണ്.

(സി) അത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## ബി.പി.എൽ. കുടുംബങ്ങളെ പുതുക്കി നിശ്ചയിക്കുവാൻ നടപടി

19 ശ്രീ. സി.എഫ്.തോമസ്
പ്രൊഫ. എൻ.ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ മണ്ണെണ്ണയുടെ വിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മണ്ണെണ്ണ വിതരണം പരിമിതപ്പെടുത്തിയാൽ അത് സംസ്ഥാനത്ത് ദാരിദ്ര്യ രേഖക്കു മുകളിലുള്ള ലക്ഷക്കണക്കിന് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം:- ശ്രീ. സി. ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)**

(എ) ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും ഔദ്യോഗിക തീരുമാനം കൈകൊണ്ടിട്ടുള്ളതായി സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## പബ്ലിക്ക് സർവീസ്കമ്മീഷന്റെ പരീക്ഷ നിഷ്പക്ഷമാക്കാൻ നടപടി

20 ശ്രീ. എ.കെ. ചന്ദ്രൻ
,, എൻ. രാജൻ
,, കെ. രാജു
,, എൻ. അനിരുദ്ധൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് സർവീസ് കമ്മീഷന്റെ പരീക്ഷ നടത്തിപ്പിനെ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആരോപണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതുവരെ ഇതു സംബ ന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) പരീക്ഷ നടത്തിപ്പ് കാര്യക്ഷമമമായും നിഷ്പക്ഷമായും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വർഷം ഇതുവരെ 5 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) നിഷ്പക്ഷമായും കാര്യക്ഷമമമായും പരീക്ഷ നടത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട്, പ്രസിദ്ധീകരണങ്ങളിൽനിന്നും ചോദ്യങ്ങൾ പകർത്തുകയോ ചോദ്യങ്ങളിൽ തെറ്റ് വരുത്തുകയോ ചെയ്യുന്ന ചോദ്യ കർത്താക്കൾക്കെതിരെ അതിശക്തമായ നടപടി കൾ കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ഐ.ടി. മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

21 ശ്രീ. എം. ജെ. ജേക്കബ്
ശ്രീ. എം. ഹംസ
ശ്രീ. ബി. രാഘവൻ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ;

(ബി) ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ രംഗത്തെ പ്രമുഖർ സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ മേഖലയിൽ ഒരു വർഷത്തിനകം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ
(മുഖ്യമന്ത്രി)**

(എ) ഐ.ടി. മേഖലയുടെ വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ട പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

(ബി) ഉണ്ട്. ടെക്നോ പാർക്കിലും ഇൻഫോപാർക്കിലും പല പ്രമുഖ കമ്പനികളും തങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.ടി. രംഗത്തെ പ്രമുഖ കമ്പനികളായ Wipro, TCS, IBS, i-flex, Patni Computers, CTS, Ernst & Young, Sun-Tec എന്നിവരും ഐ.ടി അടിസ്ഥാന സൗകര്യ നിർമ്മാതാക്കളായ Larson & Turbo, Leela Group, Rahejas എന്നിവരും ഐ.ടി. രംഗത്ത് നിക്ഷേപം നടത്തുവാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) ഏകദേശം 5000 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും

## റേഷൻ കാർഡുടമകൾക്ക് ഓണക്കിറ്റ് നൽകുന്നതിനുള്ള നടപടി

22 ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണത്തിന് എല്ലാ റേഷൻ കാർഡുടമകൾക്കും ഓരോ കിറ്റ് വീതം നല്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഇനം ഭക്ഷ്യ ധാന്യങ്ങളാണ് പ്രസ്തുത കിറ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒരു കിറ്റിന് വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര റേഷൻ കാർഡുടമകളാണ് ഉളളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കിറ്റ് വിതരണം മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. സി. ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും**
**മൃഗസംരക്ഷണവും വകുപ്പു മന്ത്രി)**

(എ) ഈ വർഷത്തെ ഓണത്തിന് സംസ്ഥാനത്തെ അന്ത്യോദയ അന്നയോജന ഉൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുളള (ബി.പി.എൽ) എല്ലാ കാർഡുടമകൾക്കും ഓണം കിറ്റ് നൽകുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) 68,06,110

(ഇ) കണക്കാക്കിയിട്ടില്ല.

# ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി

23 ശ്രീ. ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്ട്സും യുവജനക്ഷേമവും**
**തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഫയലിംഗ് അധികാരത്തോടുകൂടിയുള്ള ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ബഹു: ചീഫ് ജസ്റ്റീസിന്റെ അനുമതിക്ക് വിധേയമാണോ ഹൈക്കോടതി ബഞ്ച് അനുവദിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ചീഫ് ജസ്റ്റീസിന്റെ അനുമതി ഇല്ലാതെ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് ഹൈക്കോടതി ബഞ്ചിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഏതു സംസ്ഥാനത്താണെന്ന് വ്യക്തമാക്കുമോ;

(ഇ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) ചീഫ്ജസ്റ്റീസിൽ നിന്നോ കേന്ദ്രഗവൺമെന്റിൽനിന്നോ ഇക്കാര്യം സംബന്ധിച്ച് യാതൊരു അനുകൂല പ്രതികരണവും ലഭ്യമായിട്ടില്ല.

(ബി) ഹൈക്കോടതി ചീഫ്ജസ്റ്റീസുമായി കൂടിയാലോചിച്ച് വേണം ഇക്കാര്യത്തിൻമേൽ ശുപാർശ സമർപ്പിക്കേണ്ടത്.

(സി) ലഭ്യമല്ല

(ഡി) ഉദിക്കുന്നില്ല.

(ഇ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.